

# മെത്രാപ്പോലീത്തായുടെ കത്ത്

(ഏപ്രിൽ - 2017)

നമ്മൾ വിടപറയുന്ന മാർച്ചു മാസം നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം എല്ലാവരും ആകാംക്ഷയോടെ ഉറ്റു നോക്കിയിരുന്നതും ഭാവിരാഷ്ട്രീയത്തിന്റെ ചൂണ്ടുപലകയായി പലരും വിശേഷിപ്പിച്ചതുമായ അഞ്ചു സംസ്ഥാനങ്ങളിലെ നിയമസഭാതെരഞ്ഞെടുപ്പുകളുടെയും തെരഞ്ഞെടുപ്പു വാർത്തകളുടെയും തെരഞ്ഞെടുപ്പു ഫലങ്ങളുടെ വിശകലനങ്ങളുടെയും ഒരു മാസമായിരുന്നു. രണ്ടു സംസ്ഥാനങ്ങളിൽ നല്ല ഭൂരിപക്ഷത്തോടുകൂടി ഗവൺമെന്റുകൾ രൂപീകരിക്കാൻ വിജയിച്ച രാഷ്ട്രീയ കക്ഷികൾക്കു സാധിച്ചു. രണ്ടു സംസ്ഥാനങ്ങളിൽ കോൺഗ്രസ് ഏറ്റവും വലിയ ഒറ്റകക്ഷിയായി വന്നെങ്കിലും ഗവൺമെന്റുകൾ രൂപീകരിക്കാൻ കഴിഞ്ഞില്ല. അവിടങ്ങളിൽ മറ്റുകക്ഷികളുടെയും സ്വതന്ത്രരുടെയും പിന്തുണയോടെ ബി.ജെ.പിയ്ക്ക് അധികാരം ഉറപ്പിക്കാൻ കഴിഞ്ഞു. അഞ്ചു സംസ്ഥാനങ്ങളിലും അധികാരമേറ്റവർക്ക് ഭാരതത്തിന്റെ മഹത്തായ ജനാധിപത്യമൂല്യങ്ങളും മതേതരത്വ മൂല്യങ്ങളും ഉയർത്തിപ്പിടിച്ച് സൽഭരണം കാഴ്ചവെയ്ക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒരു അദ്ധ്യയനവർഷം അവസാനിക്കുകയാണ്. കുട്ടികൾ മധ്യവേനൽ അവധിക്കാലത്തേക്ക് പ്രവേശിച്ചിരിക്കുന്നു. അവധിക്കാലം കുട്ടികൾക്കെപ്പോഴും ഉല്ലാസകാലമാണ്. എന്നാൽ ദൈവം തരുന്ന ആയുസിന്റെ ഓരോ നിമിഷവും വിലയുള്ളതായി നാം തിരിച്ചറിയേണ്ടതുണ്ട്. അവധിക്കാലം പ്രയോജനകരമായി ചെലവഴിച്ച് ഉല്ലസിക്കാൻ കുട്ടികൾക്കു കഴിയണം. സഭയുടെ വിവിധ പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കുന്ന ക്യാമ്പുകൾ, വി.ബി.എസ്, പഠനസമ്മേളനങ്ങൾ, പരിശീലനപരിപാടികൾ എന്നിവയിൽ പങ്കെടുത്ത് സഭ ഒരുക്കിത്തരുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയണം. ഈ പരിപാടികളെല്ലാം തന്നെ മഹത്തായ ജീവിതത്തിനുവേണ്ടിയുള്ള പരിശീലനപരിപാടികളാണെന്നു മാതാപിതാക്കളും കുട്ടികളും തിരിച്ചറിഞ്ഞ് അവയിലെല്ലാം പങ്കെടുത്ത് അനുഗ്രഹം പ്രാപിപ്പാൻ ഇടയാകട്ടെ എന്നാശംസിക്കുന്നു.

നിരവധി സംവൽസരങ്ങളായി ഇന്ത്യയുടെ കാർഷികമേഖലയിൽ പ്രവർത്തിക്കാൻ പ്രതിഭാശാലികളായ പ്രവർത്തകരെ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു മഹത്തായ സ്ഥാപനമാണ് അലഹബാദ് അഗ്രിക്കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ട്. അവിടെ പഠിച്ച് ബിരുദം നേടിയ അനേകർ കേരളത്തിന്റെ കാർഷിക മേഖലയിലും ഗവേഷണത്തിലും നൽകിയിട്ടുള്ള സേവനങ്ങൾ വളരെ വിലപ്പെട്ടതാണ്. സാം ഹിജിൻബതാം ആരംഭിച്ച അലഹബാദ് അഗ്രികൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യയുടെയും പൂർവേഷ്യയുടെയും മേഖലകളിൽ അനേകായിരങ്ങൾക്ക് വലിയ സാധ്യതകളുടെ വാതിൽ തുറന്നു കൊടുത്തിട്ടുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമത്രെ. ഇപ്പോൾ ഇതൊരു സ്വതന്ത്ര ട്രസ്റ്റിന്റെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇന്ന് ഒരു deemed university യായി അംഗീകരിക്കപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കപ്പെട്ടിരിക്കുകയാണ്. ഉത്തർപ്രദേശ് ഗവൺമെന്റ് ഒരു ആക്ടിലൂടെയാണ് ഇതിനെ യൂണിവേഴ്സിറ്റിയായി ഉയർത്തിയത്. ന്യൂനപക്ഷപദവി നിലനിർത്തിക്കൊണ്ട് തന്നെ മറ്റു യൂണിവേഴ്സിറ്റികളെപ്പോലെ ഡിഗ്രി നൽകാനുള്ള പദവി ഈ യൂണിവേഴ്സിറ്റിയ്ക്ക് ലഭ്യമായിട്ടുണ്ട്. സംസ്ഥാനഗവർണർക്ക് ഒരു visitor എന്ന പദവിയത്രേ ഉള്ളത്. CSI സഭാംഗമായിരിക്കുന്ന ജെറ്റി എ. ഒലിവറാണ് ചാൻസലറായി പ്രവർത്തിക്കുന്നത്. ഉത്തരേന്ത്യയിലെ ബിഷപ്പായിരിക്കുന്ന ഡോ. രാജേന്ദ്ര ബി. ലാൽ, വിവിധ സഭകളിലെ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നതാണ് ഇപ്പോൾ രൂപീകരിച്ചിരിക്കുന്ന ട്രസ്റ്റ്. യൂണിവേഴ്സിറ്റിയായി പ്രഖ്യാപിക്കുന്ന സമ്മേളനത്തിൽ മുഖ്യാതിഥിയായി ക്ഷണിച്ചതിനാൽ നാം ആ സമ്മേളനത്തിൽ പോയി പങ്കെടുക്കുകയുണ്ടായി. 1980 കളിൽ പത്തുവർഷക്കാലത്തോളം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണനിർവ്വഹണസമിതിയിൽ ഒരംഗമായി പ്രവർത്തിക്കാൻ നമുക്കു അവസരം ലഭിച്ചിട്ടുണ്ട്. ഈ യൂണിവേഴ്സിറ്റിയുടെ website ലൂടെ അവിടെ നിലവിലിരിക്കുന്ന വിവിധ കോഴ്സുകളെക്കുറിച്ച് അറിയാൻ കഴിയും. നമ്മുടെ കുട്ടികൾ അവസരവും സാധ്യതകളും പ്രയോജനപ്പെടുത്തുന്നതു നന്നായിരിക്കും.

നമ്മുടെ പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്ന മികവ് 2017 പരിപാടിയിലേക്ക് നമ്മുടെ പുനലൂർ വി.ഓ.യു.പി. സ്കൂളിലെ രണ്ടു പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. 'എന്റെ കുട്ടി' (നിരന്തരവിലയിരുത്തൽ സാധ്യതാപഠനം), വ്യക്തിഗത പി.റ്റി.എ. എന്നീ രണ്ട് ഇനങ്ങൾക്ക് 2017 മാർച്ച് 26-ാം തീയതി തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിക്കുന്ന 'മികവ് 2017' പരിപാടിയിൽ അവതരിപ്പിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. അനുദിനം മികവിലേക്കുയരുന്ന വി.ഓ.യു.പി. സ്കൂളിന് നേതൃത്വം നല്കുന്ന ഹെഡ്മാസ്റ്റർ ശ്രീ. ബിജു കെ. തോമസിനെയും അദ്ധ്യാപകരെയും പി.റ്റി.എ യെയും കുട്ടികളെയും വേണ്ട പ്രോത്സാഹനം നല്കുന്ന ലോക്കൽ മാനേജർ റവ. പി. ഫിലിപ്പച്ചനെയും അഭിനന്ദിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ നമ്മുടെ മറ്റു സ്കൂളുകൾക്കും ഒരു മാതൃകയും പ്രോത്സാഹനവുമായി തീരുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

നമ്മുടെ കോട്ടയം വൈദീക സെമിനാരിയുടെയും ഡൽഹി ധർമ്മജ്യോതി സെമിനാരിയുടെയും ബിരുദദാന ചടങ്ങുകളിൽ പങ്കെടുക്കുവാൻ നമുക്ക് അവസരം ലഭിച്ചു. ബിരുദധാരികളായി പുറത്തിറങ്ങുന്ന വൈദീക വിദ്യാർത്ഥികൾക്ക്, കർമ്മ നിരതയോടും സമർപ്പണബോധത്തോടും കൂടി സഭയുടെ നാഥനായ ക്രിസ്തുവിനോടും ക്രിസ്തുവിന്റെ ശരീരമായ സഭയോടുമുള്ള പ്രതിബദ്ധതയിൽ ശ്രേഷ്ഠമായ ശുശ്രൂഷ നിർവഹിക്കുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ സഭാതാരക 125 വർഷം പിന്നിടുകയാണ്. ശതോത്തര രജതജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം മൈലം ക്രിസ്തോസ് മാർത്തോമ്മാ ഇടവകയിൽ വച്ച് നിർവഹിച്ചു. താരകയിലൂടെ നിർവഹിക്കുന്ന ശുശ്രൂഷകളെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. എല്ലാ മാർത്തോമ്മാ ഭവനങ്ങളിലും താരക എത്തത്തക്കവണ്ണം വരിക്കാരായി ചേരുവാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ.

പൂലാത്തീൻ നിർമ്മാണത്തിന്റെ ഘട്ടങ്ങളിൽ ആദിയോടന്തം വ്യാപരിച്ച ദൈവകൃപയ്ക്കായി നമുക്ക് ദൈവത്തിന് സ്തോത്രം

കരേറ്റാം. നമുക്ക് ലഭിച്ച ദൈവകൃപയെ അനുസ്മരിച്ച് ഭവന രഹിതരായ അഞ്ചുപേരെ കണ്ടെത്തി, സ്പോൺസർമാരിൽ നിന്നും ലഭിച്ച അഞ്ചുലക്ഷം രൂപാ വീതം ചിലവഴിച്ച്, ഭവനനിർമ്മാണ പ്രക്രിയയിൽ ഏർപ്പെടുവാൻ തീരുമാനിച്ച് നടപടികൾ സ്വീകരിക്കുകയുണ്ടായി. തെഞ്ഞെടുക്കപ്പെടുന്ന വ്യക്തികളുടെ സമീപത്തുള്ള ഇടവകകളുമായി സഹകരിച്ചാണ് ഭവനനിർമ്മാണം നടപ്പിലാക്കുന്നത്. ഇപ്പോൾ തെരഞ്ഞെടുത്ത ഇടങ്ങളിൽ അഞ്ചു പേർക്ക് ഭവനങ്ങൾ നിർമ്മിച്ചുവരികയാണ്. അഞ്ചു ലക്ഷം രൂപാവീതം സ്പോൺസർ ചെയ്യാൻ തയ്യാറായാൽ കൂടുതൽ പേർക്ക് ഭവനം നിർമ്മിച്ച് നല്കാൻ നമുക്ക് സാധിക്കും. സുമനസ്സുകളുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

നമ്മൾ കാത്തിരുന്ന ആ സുദിനം വരികയാണ്. 2017 ഏപ്രിൽ മാസം 27-ാം തീയതി നമ്മുടെയെല്ലാം അഭിമാനമായ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ 100-ാം പിറന്നാളാണ്. അന്നേദിവസം തിരുവല്ലായിൽ വച്ച് സഭയുടെ ആഭിമുഖ്യത്തിൽ പ്രത്യേകം ജന്മശതാബ്ദി അനുമോദനസമ്മേളനം ക്രമീകരിക്കുന്നതാണ്. അതു സംബന്ധിച്ച അറിയിപ്പുകൾ പിന്നാലെ അറിയിക്കുന്നതാണ്. തിരുമേനിയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് ഭവനനിർമ്മാണത്തിന് ഒരു ലക്ഷം രൂപാ വീതം മെത്രോപ്പോലീറ്റൻ ഫണ്ടിൽ നിന്ന് നല്കുന്ന പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നവർക്ക് നൽകുന്നതാണ്. ഇതുവരെ അനുവാദം കിട്ടിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തവർക്ക് പണം നല്കുവാൻ സാധിക്കുകയില്ല. അർഹതപ്പെട്ടവരുടെ ലിസ്റ്റിൽ നിന്നും അവരുടെ പേര് നീക്കം ചെയ്യുന്നതുമാണ്.

തിരുവനന്തപുരത്തെ പാറ്റൂർ സാന്തോം ഇടവകയുടെ ഗായകസംഘം സഹോദര സമുദായത്തിൽപ്പെട്ട നിർദ്ധനരായ ഒരാൾക്ക് 15 ലക്ഷം രൂപ് ചെലവ് ചെയ്ത ഒരു ഭവനം നിർമ്മിച്ചു നല്കുകയുണ്ടായി. ആ ഭവനത്തിന്റെ കൂദാശയും നിർവഹിക്കപ്പെട്ടു. ആ ഗായകസംഘത്തിന്റെ മാതൃക എത്രയോ അഭിനന്ദനാർഹമാണ്. സ്വന്തമായി വീടില്ലാതിരുന്ന ഒരു വ്യക്തിക്ക് വീട് നിർമ്മിച്ചു നല്കുവാനായി ആ വ്യക്തിയെ ആ ഗായകസംഘം തെരഞ്ഞെടുത്തതുപോലും മൂല്യാധിഷ്ഠിതമായ ഒരു സമീപനത്തിന്റെ മാതൃകയാണ്. ആ വ്യക്തി ദിവസക്കൂലിക്ക് ജോലി ചെയ്യുന്ന ഒരാളാണെങ്കിലും തനിക്ക് ലഭിക്കുന്ന വരുമാനത്തിന്റെ പകുതി ഭാഗം നിർദ്ധനരായവരെ സഹായിക്കാൻ വേണ്ടി ഉപയോഗിക്കുന്ന സ്നേഹത്തിന്റെ ഒരു ആൾരൂപമാണ്. അദ്ദേഹത്തിന്റെ മാതൃകാപരമായ ശുശ്രൂഷയ്ക്കുള്ള അംഗീകാരം കൂടിയായിട്ടാണ് ആ വ്യക്തിയെ അവർ തെരഞ്ഞെടുത്തത്. കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം, അവിടുത്തെ ഇടവക വികാരിയുടെ സ്വന്തം പരിശ്രമത്താൽ പല സ്നേഹിതരിൽ നിന്നായി ഏഴരലക്ഷം രൂപ സമാഹരിച്ച് വാങ്ങിച്ചതാണ്. ഇപ്രകാരം ഒരു സംരംഭത്തിൽ ഏർപ്പെട്ട ഇടവക വികാരിയെയും ഗായകസംഘത്തെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഈ അനുകരണീയമായ മാതൃക പിന്തുടരുവാൻ നമ്മുടെ ഇടവകകളിലെ സംഘടനകൾ മുമ്പോട്ടു വരുന്നത് അഭികാമ്യമായിരിക്കും.

നമ്മുടെ സഭയിലെ ആധികാരികമായ ഡോക്കുമെന്റ്സ് കണ്ടെത്തുന്നതിനും സൂക്ഷിക്കുന്നതിനുമായി ഒരു പദ്ധതി സഭയായി ആരംഭിച്ചിട്ടുണ്ട്. ഇടവകയിലെ അടിസ്ഥാനപരവും ആധികാരികവുമായ രേഖകൾ നഷ്ടപ്പെട്ടു പോകാതെ കാര്യക്ഷമതയോടെ സംരക്ഷിക്കുന്ന യത്നത്തിൽ ഇടവക വികാരിമാരും ട്രസ്റ്റിമാരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഇന്ന് സഭ അഭിമുഖീകരിക്കുന്ന മൂന്ന് നിയമ പ്രശ്നങ്ങളുണ്ട് (1) ഏകീകൃത സിവിൽ കോഡ് (2) വിദ്യാഭ്യാസ നയം (3) ജുവനൈൽ ജെസ്റ്റിസ് ആക്ട്. ഇവയെല്ലാം ആധികാരികമായ പഠനങ്ങൾക്ക് വിധേയമാകേണ്ടതുണ്ട്. എൻ.സി.സി.ഐ ഡൽഹിയിൽ വച്ച് സഭാ മേലദ്ധ്യക്ഷന്മാരുടെ ഒരു സമ്മേളനം വിളിച്ചു കൂട്ടി ഇവ സംബന്ധിച്ച പഠനങ്ങൾ നടത്തുകയുണ്ടായി. ഇവ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തുകയും നിർദ്ദേശങ്ങൾ എൻ.സി.സി.ഐ ജനറൽ സെക്രട്ടറിയെ അറിയിക്കുകയും ചെയ്യുന്നത് അഭികാമ്യമായിരിക്കും. ജുവനൈൽ ആക്ടുപോലുള്ള ആക്ടുകൾ ശരിയായി പഠിച്ച് നയരൂപീകരണം നടത്തിയില്ലായെങ്കിൽ സദുദ്ദേശത്തോടു കൂടി നമ്മൾ നടത്തുന്ന ബാലഭവനങ്ങളുടെ പ്രവർത്തനങ്ങൾ പോലും തടസ്സപ്പെടാൻ സാദ്ധ്യതയുണ്ട് എന്നും നാം അറിഞ്ഞിരിക്കണം. അടുത്ത സമയത്ത് മറ്റൊരു സഭയുടെ ഇങ്ങനെയുള്ള ഏഴ് സ്ഥാപനങ്ങൾ പൂട്ടേണ്ടതായി വന്നു എന്നത് ഒരു മുന്നറിയിപ്പും ചൂണ്ടുപലകയും ആണ്. ജാഗ്രതയോടു കൂടിയും നിയമവശങ്ങൾ പഠിച്ചും നിയമവിധേയമായും നടത്തിയില്ലായെങ്കിൽ ഈ മേഖലയിൽ നിന്നു തന്നെ ഒരു പക്ഷേ സഭയ്ക്ക് പിൻമാറേണ്ടിവരും എന്ന് നാം ഓർത്തിരിക്കണം. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അസഹിഷ്ണുതയുടെയും അസ്വസ്ഥതകളുടെയും അരാജകത്വത്തിന്റെയും അന്തരീക്ഷം വളരാതിരിക്കാൻ നാം ജാഗ്രതയോടെ ശ്രദ്ധിച്ചെങ്കിൽ മാത്രമെ സഭയ്ക്ക് ഈ മഹനീയമായ മേഖലയിൽ സാക്ഷ്യം നിലനിർത്താൻ കഴിയുകയുള്ളൂ എന്ന് നാം ഓർത്തിരിക്കണം. ബഹുസ്വരതകളുടെ നാടായ നമ്മുടെ മതേതര ഭാരതത്തിൽ ഏകീകൃത സിവിൽകോഡ് പ്രാവർത്തികമായാൽ അത് നമ്മുടെ സാംസ്കാരികവും മതപരവുമായ പശ്ചാത്തലത്തിൽ എത്രത്തോളം അഭികാമ്യമാകും എന്നത് ഗൗരവമായി നാം ചിന്തിക്കേണ്ട ഒരു പഠനവിഷയമാണ്.

മാർച്ച് 31-ാം തീയതി നമ്മുടെ സാമ്പത്തികവർഷം അവസാനിക്കുകയാണല്ലോ. എല്ലാ ഇടവകകളും മെയ് 31 ന് മുമ്പായി സമയബന്ധിതമായി ഓഡിറ്റ് ചെയ്ത വരവുചിലവു കണക്കുകൾ പാസ്സാക്കി ഭദ്രാസനത്തിനു നല്കിയാൽ മാത്രമേ ഭദ്രാസനത്തിന് അവ ക്രോഡീകരിച്ച് സഭാ ഓഫീസിൽ നൽകുവാൻ കഴികയുള്ളൂ. എങ്കിൽ മാത്രമേ മണ്ഡലത്തിൽ സഭയുടെ കണക്ക് അവതരിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഇന്ന് നിലവിലിരിക്കുന്ന നിയമങ്ങൾ കർക്കശമായി പാലിച്ചില്ലായെങ്കിൽ സഭയ്ക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന പ്രത്യേക പരിഗണനകൾ ലഭിക്കാതെ പോകും എന്ന് അറിയിക്കട്ടെ. നമ്മുടെ മിഷൻ ആശുപത്രികൾ തൃപ്തികരമായ നിലയിൽ പ്രവർത്തിച്ചുവരുന്നു. കറ്റാനം ആശുപത്രിയിലും കുമ്പനാട് ആശുപത്രിയിലും നിർദ്ധനരായ രോഗികൾക്ക് ഡയാലിസിസ് സൗജന്യമായി നൽണമെങ്കിൽ ഒരു ഡയാലിസിസിന് 650 രൂപ എന്ന നിരക്കിൽ സ്പോൺസർമാർ തുക സ്പോൺസർ ചെയ്യേണ്ടത് ആവശ്യമാണ്. ഇക്കാര്യത്തിൽ സുമനസ്സുകളുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

നമ്മുടെ എപ്പിസ്കോപ്പൽ തിരഞ്ഞെടുപ്പ് സംബന്ധിച്ച് ചേരാനിരുന്ന മണ്ഡലയോഗങ്ങൾ ബഹുമാനപ്പെട്ട കോടതി വിധിമൂലം മാറ്റിവെയ്ക്കേണ്ടതായി വന്നു. നമ്മുടെ സഭയിൽ നാലു എപ്പിസ്കോപ്പാമാരെ കൂടി തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു സഭാപ്രതിനിധി മണ്ഡലം ബോർഡിനെ തിരഞ്ഞെടുത്ത് ചുമതലകൾ ഏൽപിച്ചുകൊണ്ട് നിയോഗിച്ചതിനനുസരിച്ച് സഭാകൗൺസിലിന്റെ ആലോചനയോടുകൂടി 25 അംഗങ്ങളുള്ള ഈ ബോർഡ് യോഗം ചേർന്ന് ഏകകണ്ഠമായി നാലുപേരുകൾ നിയമാനുസരണമുള്ള നടപടികളുടെ ഭാഗമായി കണ്ടെത്തുകയും ആ നാലുപേരെ വെല്ലൂർ മെഡിക്കൽ കോളേജിൽ മെഡിക്കൽ പരിശോധനയ്ക്കായി അയയ്ക്കുകയും ചെയ്തു. എല്ലാവരും Medically Fit ആണെന്ന സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നു എങ്കിലും വേണ്ട എല്ലാ പരിശോധനകളും നടന്നിരുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടതിന്റെ

വെളിച്ചത്തിൽ ബോർഡിന്റെ തീരുമാനപ്രകാരം നാലുപേരെയും വിദഗ്ദ്ധ പരിശോധനയ്ക്കായി കിംസ് ഹോസ്പിറ്റലിലേക്ക് അയയ്ക്കുകയുണ്ടായി. കിംസ് ഹോസ്പിറ്റലിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ വിദഗ്ദ്ധ സമിതി വിലയിരുത്തുകയും നാലുപേരുടെയും ആരോഗ്യം തൃപ്തികരമെന്നു കണ്ടതിന്റെ വെളിച്ചത്തിൽ ബോർഡിന്റെ നിർദ്ദേശം ഡിസംബർ 14-ാം തീയതിയിൽ നടന്ന സഭാ കൗൺസിലിൽ അറിയിക്കുകയും ചെയ്തു. സഭാകൗൺസിലിന്റെ നിയോഗപ്രകാരം ഈ നാലുപേരെയും കുറിച്ച് ആക്ഷേപങ്ങളുണ്ടെങ്കിൽ അറിയിക്കുന്നതിനായി സഭാജനങ്ങൾക്കായുള്ള കൽപന പുറപ്പെടുവിക്കുകയും ചെയ്തു. സഭാമണ്ഡലം തെരഞ്ഞെടുത്ത അഡ്ഹോക്ക് കമ്മിറ്റി യോഗം ചേർന്ന് ഏകാഭിപ്രായമായി നാലു പേരുടെ പേര് നിർദ്ദേശിച്ചതിനു ശേഷമാണ് വ്യക്തമല്ലാത്ത കാരണങ്ങളാൽ നാല് അംഗങ്ങൾ രാജിവെച്ചത്. ഈ നാലുപേരിൽ മൂന്ന് പേർ സഭാമണ്ഡലം തെരഞ്ഞെടുത്തവരായിരുന്നു. സഭാമണ്ഡലത്തിനു മാത്രമേ അവരുടെ രാജി സ്വീകരിച്ച് പകരം ആളുകളെ നിയോഗിക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ വന്നിരിക്കുന്ന ഒഴിവുകൾ നികത്തി നടപടികൾ തുടരാനാണ് കോടതിയുടെ ഒരു നിർദ്ദേശം. മറ്റൊരു നിർദ്ദേശം ആറുപേരുടേയും പേരുകൾ വോട്ടിനിട്ട് തെരഞ്ഞെടുപ്പ് നടത്തുക എന്നുള്ളതാണ്. അങ്ങനെയെങ്കിൽ നാലുപേരെ നിർദ്ദേശിക്കുവാൻ നിയോഗം ലഭിച്ച ബോർഡിനു സഭയുടെ ഭരണഘടന അനുസരിച്ച് എന്ത് പ്രസക്തിയാണുള്ളതെന്ന് ചിന്തിക്കേണ്ടതാണ്. ഏതായാലും കീഴ്ക്കോടതി വിധി ഡിസ്ട്രിക് കോടതി ശരിവെച്ചിരിക്കുന്ന പശ്ചാത്തലത്തിൽ മണ്ഡലയോഗം മാറ്റി വെച്ചതായി സഭയുടെ ലീഗൽ അഫയേഴ്സ് കമ്മറ്റിയുടെ അഭിപ്രായപ്രകാരം സഭാസെക്രട്ടറി അറിയിച്ചുകഴിഞ്ഞിട്ടുണ്ട്.

ഏപ്രിൽ മാസത്തെ ധ്യാനങ്ങൾ ആരംഭിക്കുന്നത് യഥാസ്ഥാനപ്പെടുത്തുന്ന കർത്താവ് എന്ന ചിന്താവിഷയത്തോടുകൂടിയാണ്. യെരുശലേമിലേക്കുള്ള കർത്താവിന്റെ യാത്രാമദ്ധ്യേയാണ് ഹൃദയത്തിന്റെ ഭാഷയിൽ യഹൂദാമതപാരമ്പര്യമനുസരിച്ച് “ദാവീദുപുത്രാ എന്നോട് കരുണ ചെയ്യേണമെ” എന്ന് ബർത്തിമായി എന്ന കുരുടൻ നിലവിളിച്ചത്. എന്നാൽ ആ നിലവിളിക്ക് ഉത്തരമായി കർത്താവ് അവന് കാഴ്ച നല്കി അവനെ അനുഗ്രഹിച്ചു. ബർത്തിമായി ആ യാത്രയിൽ ക്രിസ്തുവിനെ അനുഗമിക്കുകയും ചെയ്തു. നമ്മുടെ നിലവിളികൾക്ക് ദൈവം ഉത്തരം നല്കുമ്പോൾ ആ അനുഗ്രഹം പ്രാപിച്ച് ക്രിസ്തുവിനെ അനുഗമിക്കുവാനുള്ള മാതൃകയാണ് നാം സ്വീകരിക്കേണ്ടത്. ഏപ്രിൽ 7-ാം തീയതി 40-ാം വെള്ളിയാഴ്ച പരീക്ഷയെ അതിജീവിക്കുന്ന നോമ്പിന്റെ ആദ്ധ്യാത്മികതയെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്. കർത്താവ് അഭിമുഖീകരിച്ച മൂന്ന് പരീക്ഷകളും കുരിശിന്റെ മാർഗ്ഗത്തിൽ നിന്നും യേശുവിനെ അകറ്റാനുള്ള പ്രലോഭനങ്ങളായിരുന്നു. ഒന്നാമത്തെ പരീക്ഷ ഉദരപൂരണത്തിനുവേണ്ടി സ്വന്തം ശക്തി ഉപയോഗിക്കാനുള്ളതും 2-ാമത്തെ പരീക്ഷ മാസ്മരിക പ്രഭാവത്തിലൂടെ ജനങ്ങളെ ആകർഷിച്ച് കൂടെ നിർത്താനുള്ളതും മൂന്നാമത്തെ പരീക്ഷ സാത്താനെ വണങ്ങി ലോകത്തെ വരുതിയിൽ നിർത്താനുള്ള പരീക്ഷയും ആയിരുന്നു. എന്നാൽ ഈ മൂന്നു പരീക്ഷകളെയും കർത്താവ് തകർത്തു കളയുന്നത് ദൈവവചനം എന്ന വാളുയർത്തിയാണ്. കർത്താവ് തെരഞ്ഞെടുത്തത് കുറുക്കുവഴികളല്ല കുരിശിന്റെ വഴിയാണ് എന്നു നാം ഓർത്തിരിക്കണം. സമാധാനപ്രഭുവായ ക്രിസ്തു എന്ന ചിന്താവിഷയമാണ് ഏപ്രിൽ 9-ാം തീയതി ഊശാനഞായറാഴ്ച സഭയായി ധ്യാനിക്കുന്നത്. ലോകചരിത്രത്തിൽ കുതിരപ്പുറത്ത് കയറി ജൈത്രയാത്രകൾ നടത്തിയ ചക്രവർത്തിമാരും അവരുടെ പേരുകളും ചരിത്രത്തിന്റെ പുറംപോക്കിലേക്ക് വലിച്ചെറിയപ്പെടുമ്പോഴും കഴുതപ്പുറത്തു കയറി യെരുശലേം ദേവാലയത്തിലേക്ക് സഞ്ചരിച്ച ക്രിസ്തു ഇന്നും കോടാനുകോടി ജനങ്ങളുടെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അടിസ്ഥാനമായി ജനഹൃദയങ്ങളിൽ സ്നേഹത്തിന്റെ ചക്രവർത്തിയായി ആരാധിക്കപ്പെടുന്നു. പെസഹാവ്യാഴാഴ്ച വിശുദ്ധ കുർബാനയെക്കുറിച്ചും ജീവന്റെ അപ്പമായ ക്രിസ്തുവിനെക്കുറിച്ചും നാം ചിന്തിക്കുന്നു. തന്റെ അന്ത്യ അത്താഴത്തിലൂടെ കർത്താവ് ചില വെളിപ്പെടുത്തലുകൾ നടത്തി. അവൻ അപ്പം കൈയ്യിലെടുത്ത് വാഴ്ത്തി നുറുക്കി തന്റെ ശിഷ്യന്മാർക്കു കൊടുത്തു. ദുഃഖവെള്ളിയാഴ്ച കാൽവറി കുരിശിൽ നാം ദർശിക്കുന്നത് നമുക്കുവേണ്ടി നുറുക്കപ്പെട്ട അപ്പമായ ക്രിസ്തുവിനെയാണ്. എന്നാൽ ആ നുറുക്കപ്പെട്ട അപ്പം ഇല്ലാതായിത്തീരുകയായിരുന്നില്ല. ഉയിർപ്പിന്റെ പ്രഭാതത്തിൽ പിതാവായ ദൈവത്തിന്റെ കരങ്ങളാൽ അവ വീണ്ടും കൂട്ടിച്ചേർക്കപ്പെട്ട് അജയ്യമായ ശക്തിയായി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇതാണ് ഉയിർപ്പിന്റെ സുവിശേഷം. ഉയിർപ്പിന്റെ പ്രഭാതവേളയിൽ കല്ലറയ്ക്കൽ ചെന്ന സ്ത്രീകളോട് ദൂതൻ പറഞ്ഞത് “അവൻ ഇവിടെ ഇല്ല എന്നാണ്”. പിന്നെ അവൻ എവിടെയാണ്? ഉയിർത്തെഴുന്നേറ്റ കർത്താവിനെ ദുഃഖിക്കുന്നവരുടെയും കണ്ണീര് പൊഴിച്ചുനില്ക്കുന്നവരുടെയും ഭയചകിതരായി വാതിലടച്ച് ഇരിക്കുന്നവരുടെയും ദിശാബോധം നഷ്ടപ്പെട്ട തന്റെ പ്രിയ ശിഷ്യരുടെയും അടുക്കലാണ് നാം കാണുന്നത്. ഈ ക്രിസ്തുവിനെയാണ് നാം അറിയേണ്ടത്. എന്നാൽ നമ്മുടെ പള്ളികളിൽ, നമ്മുടെ ഭവനങ്ങളിൽ, നമ്മുടെ കർമ്മ മേഖലകളിൽ ‘അവൻ ഇവിടെയില്ല’ എന്ന അവസ്ഥയല്ലേ ഇന്നുള്ളത്? സി.എസ്.ഐ യിലെ മോഡറേറ്ററായിരുന്ന ബിഷപ്പ് യേശുദാസൻ തിരുമേനി ഒരു സംഭവം പറഞ്ഞതോർക്കുന്നു. ഒരിക്കൽ ഒരു ഇടവകയിലെ കുറേപ്പേർ കൂടിച്ചേർന്ന് ഈസ്റ്റർ ദിനത്തിൽ ‘അവൻ ഇവിടെ ഇല്ല’ എന്ന് കവലകളിൽ ചെന്ന് പ്രഖ്യാപിച്ചുകൊണ്ട് സഞ്ചരിക്കുവാൻ പരിപാടി ഇട്ടപ്പോൾ ഇടവക അതിന് അനുമതി നല്കിയില്ല. എന്നാൽ ഇടവകയുടെ അഭിപ്രായത്തെപ്പോലും മാനിക്കാതെ, അഹങ്കാരം ജഡം ധരിച്ചവരെപ്പോലെ അലങ്കരിച്ച ലോറികളിൽ ഉച്ചഭാഷിണിയിലൂടെ ‘അവൻ ഇവിടെ ഇല്ല’ എന്ന് പ്രഖ്യാപിച്ചുകൊണ്ട് ആ ചെറുപ്പക്കാർ നാല്ക്കവലകളിൽ പോയി ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. അവരുടെ ധിക്കാരപരമായ സമീപനം തിരിച്ചറിഞ്ഞ നാട്ടുകാർ അവരുടെ ആ പ്രവൃത്തിയെ വിമർശിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു - “അവർ പറഞ്ഞത് ശരിയാണ്. അവൻ അവിടെ ഇല്ല - അവരുടെ പള്ളികളിൽ.” ഇന്ന് നമ്മുടെ ആരാധനാ ഇടങ്ങളെക്കുറിച്ചും ഇങ്ങനെയാണോ സമൂഹം അഭിപ്രായം പറയുന്നത്? ക്രിസ്തു ഉള്ള ഇടങ്ങളാണ് ഉയിർപ്പിന്റെ ചൈതന്യത്താൽ നിറയപ്പെടുന്നത്. ക്രിസ്തു നമ്മോടൊപ്പം ഉണ്ട് എന്ന് സമൂഹത്തിന് ഉത്തമബോധ്യം വരുന്ന രീതിയിൽ നമ്മുടെ സാക്ഷ്യം വെളിപ്പെടണം. നമ്മുടെ ദൈവാലയങ്ങളും ഭവനങ്ങളും കർമ്മമേഖലകളും ഉൾപ്പെടെയുള്ള സമൂഹത്തിന്റെ എല്ലാ ഇടങ്ങളിലും ക്രിസ്തുവിന്റെ ഉയിർപ്പിന്റെ അടയാളങ്ങൾ ലോകത്തിന് വെളിപ്പെടുത്തുന്നവരായി, ക്രിസ്തുവിന്റെ സാക്ഷികളായിത്തീരുവാൻ ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ.

“നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്ക് ജയം നല്കുന്ന ദൈവത്തിനു സ്തോത്രം”.

(1 കൊരി. 15:57)

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.



പുലാത്തീൻ,
27-03-2017

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**